**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4228** **28/06/2012 -ൽ മറുപടിക്ക്**

## സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പാൽ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. കെ.എം. ഷാജി<br>ശ്രീ. വി.എ.ഠ. ഉമ്മർ മാസ്റ്റർ<br>ശ്രീ. പി. ഉബൈദുള്ള | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ ഭക്ഷണപദാർത്ഥങ്ങളാണ് സ്കൂളുകൾ വഴി കുട്ടികൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ ; | (എ) പോഷകാഹാരക്കുറവ് പരിഹരിക്കുവാനായി ആഴ്ചയിൽ ഒരു ദിവസം ഒരു മുട്ടയും ആഴ്ചയിൽ രണ്ട് ദിവസം 150 മി.ലി. പാലും പച്ചക്കറികളും നല്കിവരുന്നുണ്ട്. |
| (ബി) ഇതിന്റെ ഭാഗമായി പാൽ നൽകുന്നുണ്ടോ; എങ്കിൽ എന്നു മുതലാണ് ഈ പദ്ധതി ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. 2010 ഒക്ടോബർ മുതൽ ആഴ്ചയിൽ രണ്ടു ദിവസം 150 മില്ലി ലിറ്റർ പാൽ നൽകി വരുന്നുണ്ട്. |
| (സി) ഏത് ഏജൻസിയാണ് പാൽ നൽകുന്നത് ; പാൽ വില കുടിശ്ശിക യായതിനാൽ പാൽ വിതരണം നിർത്തലാക്കാൻ പോകുന്നു എന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;<br><br>(ഡി) എങ്കിൽ എന്നുമുതലാണ് കുടിശ്ശികയായതെന്നും, എന്തു തുക കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കുമോ ? | (സി) ആന്റ് (ഡി)<br>മിൽമ. ഈ അദ്ധ്യയനവർഷം മുതൽ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയ സംവിധാനം നടപ്പിലാക്കിയിട്ടുള്ളതിനാൽ ഇനി മുതൽ അരി ഒഴികെയുള്ള ഭക്ഷണ സാധനങ്ങൾ (മുട്ട, പാൽ ഉൾപ്പെടെ) വാങ്ങി കുട്ടികൾക്ക് നൽകുന്നതിന് പ്രധാനാദ്ധ്യാപകർക്ക് അധികാരം നൽകിയിട്ടുണ്ട്. 2011-12 അദ്ധ്യയന വർഷം പാൽ വിതരണം ചെയ്ത വകയിൽ മിൽമയ്ക്ക് കുടിശ്ശികയായി നൽകുവാനുള്ള 15 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ